**കവിതകൾ ●**



# വാർധക്യപ്പിച്ച്

നന്ദി, കേൾവി തിരിച്ചെടുത്തതിന്
സ്വന്തക്കാരുടെ വെറുപ്പിൽ പൊതിഞ്ഞ
പിറുപിറുപ്പ് കേൾക്കില്ലല്ലോ
നന്ദി, കണ്ണുകളിൽ മൂടൽമഞ്ഞ്
കോരിയിട്ടതിന്
"എന്തിനിനിയും...." എന്ന മുനവെച്ച
നോട്ടങ്ങളിൽനിന്ന് രക്ഷ നേടാമല്ലോ.
നന്ദി, ഓർമയുടെ മേൽ മറയിട്ടതിന്
തന്റേതെന്നു കരുതിയവർക്കു വേണ്ടി
ഹോമദ്രവ്യമാക്കിയ ഇന്നലെകളെയോർത്ത്
കണ്ണീർ പൊഴിക്കേണ്ടല്ലോ!

**നിത്യൻ മുണ്ടിതൊടിക**

കിനാലൂർ കവിതകൾ

## ചോരക്കുനിറം കറുപ്പ്

നിറം മങ്ങിയ കൊടികൾ കീറി
(അന്യന്റെ)
ചോരമുക്കി ചുകപ്പിക്കാം...
വെട്ടിനിരത്തിയ വയലുകളിൽ
ടൂറിസത്തിന് വിത്തിറക്കാം.
ഇനി
സർ സി.പിയുടെ വീരഗാഥകൾ കേട്ട്
കുട്ടികൾ കൂർക്കം വലിച്ചുറങ്ങട്ടെ...

## ശുദ്ധി കലശം

ഫാം ടൂറിസത്തിൽ
ചാണകത്തിനു
വിദൂര സാധ്യതകളുണ്ട്
അകവും പുറവും വെളുപ്പിക്കാൻ
ചാണകം മെഴുകി തേച്ചാൽ മതി...

**യൂസുഫ് പുലാപ്പറ്റ**

## ചാനൽ

പച്ചക്ക് ഓടിച്ചു പിടിക്കണം
മറ്റാരെങ്കിലും ഓടിച്ചെന്നെടുത്താലോ
പച്ചക്ക് തിന്നണം
കാരണം, വേവാൻ സമയമെടുക്കും!
കേരളത്തിന് പച്ചപ്പു മാത്രമല്ല
പച്ചയിറച്ചിത്തീറ്റയുടെ ഘോരശബ്ദവും
സ്വന്തം.

## ഭൂകമ്പമുണ്ടാകുമ്പോൾ

മണ്ണിന് മടുത്തു
കീറി മുറിച്ചും, വിറ്റ് മുടിച്ചും
ഇനിയുമെത്രനാൾ
പണ്ട് ഭൂമി ദേവി
ഇന്ന് ഭൂമിയെ ചേർത്തും മാഫിയ
കണ്ട് കണ്ട് കണ്ണ് നിറഞ്ഞ വിണ്ണിൻ മൊഴി
എന്നോളം പൊന്തിവനാരായാലും
ഒരുനാൾ മണ്ണിലെയാറടി ശരണം
ഭൂകമ്പമെത്ര നിസ്സാരം
അതിരു കടക്കും 'ഭൂകമ്പ'മാണതിവിനാശം

**ഫൈസൽ അബൂബക്കർ**